**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 224** **10-03-2025 - ൽ മറുപടിയ്ക്ക്**

**പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീമതി ശാന്തകുമാരി കെ.,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ എം എസ് അരുൺ കുമാർ,<br>ശ്രീ. കെ. എം. സച്ചിൻദേവ്** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി വികസന വകുപ്പിന് കീഴിൽ എത്ര പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; വ്യക്തമാക്കുമോ; | (എ) | വകുപ്പിനു കീഴിൽ നിലവിൽ തിരുവനന്തപുരം(മണ്ണന്തല), എറണാകുളം(ആലുവ,) പാലക്കാട്(കുഴൽമന്ദം), കോഴിക്കോട് എന്നീ ജില്ലകളിലായി 4 പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. |
| (ബി) | നടപ്പ സാമ്പത്തിക വർഷം പ്രസ്തുത കേന്ദ്രങ്ങൾ വഴി എന്തൊക്കെ പരിശീലനങ്ങൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ; | (ബി) | SSLC, പ്ലസ്ടു, ഡിഗ്രി ലെവൽ PSC കോച്ചിംഗ് (6 മാസം), ഡാറ്റ എൻട്രി (3 മാസം), DTP (3 മാസം), സ്റ്റെനോഗ്രാഫി കോഴ്സ് (2 വർഷം) |
| (സി) | ഈ കേന്ദ്രങ്ങൾ വഴി നൈപുണ്യ വികസനത്തിന് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്; എത്ര പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചുവെന്ന് അറിയിക്കുമോ; | (സി) | നൈപുണ്യ വികസനത്തിനുള്ള പദ്ധതികൾ ഈ കേന്ദ്രങ്ങൾ വഴി നടപ്പിലാക്കി വരുന്നില്ല. എന്നാൽ വിവിധ മത്സര പരീക്ഷകൾക്ക് പട്ടിക വിഭാഗം ഉദ്യോഗാർത്ഥികളെ പരിശീലിപ്പിയ്ക്കുന്ന പദ്ധതികളാണ് പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകളിൽ നടപ്പിലാക്കി വരുന്നത്. പ്രസ്തുത സെന്ററുകളിൽ എസ്.എസ്.എൽ.സി/പ്ലസ്ടു, ഡിഗ്രിതല പി.എസ്.സി/യു.പി.എസ്.സി പരീക്ഷകൾക്ക് തയ്യാറെടുക്കുന്ന പട്ടികജാതി വിഭാഗം ഉൾപ്പെടെയുള്ള വിവിധ വിഭാഗം പരിശീലനാർത്ഥികൾക്ക് രണ്ട് ബാച്ചുകളിലായി ഒരേ സമയം 120 പേർക്ക് പരിശീലനം നൽകി വരുന്നു. |
| (ഡി) | വകുപ്പിനുകീഴിൽ വെർച്ചൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ? | (ഡി) | ഉണ്ട്. പട്ടികജാതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ, പോസ്റ്റ്മെട്രിക് ഹോസ്റ്റലുകൾ, പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ എന്നിവിടങ്ങളിൽ അത്യാധുനിക സൗകര്യങ്ങളോട് കൂടിയ വെർച്വൽ ക്ലാസ് റൂമുകൾ പണിയുന്നതിന്റെ ഭാഗമായി 14 ജില്ലകളിലും (എല്ലാ നിയമസഭാ മണ്ഡലങ്ങളിലും) വെർച്വൽ പ്രീ-എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുന്നതിന്റെ ആദ്യ ഘട്ടം എന്ന നിലയിൽ തിരുവനന്തപുരം ജില്ലയിലെ മണ്ണന്തലയിൽ |

| | | | |
|---|---|---|---|
| | | | പ്രവർത്തിയ്ക്കുന്ന അംബേദ്ക്കർ ഭവനിൽ മെയിൻ സ്റ്റുഡിയോ സ്ഥാപിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. സ്റ്റുഡിയോ സജ്ജമായി കഴിഞ്ഞാൽ എല്ലാ നിയോജകമണ്ഡലങ്ങളിലും നിലവിൽ ലഭ്യമായ കെട്ടിടങ്ങളിലും പി.ഇ.റ്റി.സി-കളിലും വെർച്വൽ പ്രീ എക്സാമിനേഷൻ ട്രെയിനിംഗ് സെന്ററുകൾ ആരംഭിക്കുവാൻ കഴിയും. |

സെക്ഷൻ ഓഫീസർ